**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5319** **05-07-2024 - ൽ മറുപടിയ്ക്ക്**

**കുന്താളി ഫാമിന്റെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ കുന്താളി കൃഷി ഫാമിന്റെ കൈവശമുള്ള സ്ഥലം മുഴുവനായും ഉപയുക്തമാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | കുത്താളി ഫാമിന്റെ കൈവശമുള്ള 100 ഏക്കർ ഭൂമി പൂർണമായും ഉപയോഗപ്പെടുത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ഘടകങ്ങൾ നടപ്പിലാക്കുന്നതിന് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിക്കുകയും കെ.എൽ.ഡി.സി. നിർവ്വഹണം നടത്തി വരുകയും ചെയ്യുന്നുണ്ട്.<br><br>2022-23 വർഷം മുതൽ 7.451 കോടി രൂപയുടെ താഴെ പറയുന്ന പ്രവർത്തികൾ കെ.എൽ.ഡി.സി നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ<br><br>2. ഭൂവികസന പ്രവർത്തികൾ<br><br>3. മഴമറ<br><br>4. മിസ്റ്റ് ചേമ്പർ<br><br>5. ബഡ്ഡിംഗ് ആന്റ് ഗ്രാഫ്റ്റിങ് ഷെഡ്<br><br>6. ചുറ്റുമതിൽ, ചെയിൻ ലിങ്ക്<br><br>7. സംരക്ഷണ ഭിത്തി, സോളാർ ഫെൻസിങ്ങ്<br><br>8. മൂല്യവർദ്ധിത ഉൽപ്പന്നം (ചക്ക) അടിസ്ഥാന സൗകര്യം<br><br>9. ഫാം റോഡ് നിർമ്മാണം.<br><br>10. ഓഫീസ് കെട്ടിടം<br><br>11. ശുചിമുറി, വെയിറ്റിംഗ് ഷെഡ്.<br><br>**ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം**<br><br>12. പോത്ത് പരിപാലനം |

| | | | |
|---|---|---|---|
| | | | 13. കോഴി വളർത്തൽ<br><br>14. താറാവ് വളർത്തൽ<br><br>15. മത്സ്യകൃഷി<br><br>16. ആട് വളർത്തൽ<br><br>ii) ഫാമിന്റെ അധീനതയിലുള്ള 3 ഏക്കർ ഭൂമിയിൽ നാളികേര പാർക്ക് സ്ഥാപിക്കുന്നതിനായി KABCO പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഫാമുമായി ബന്ധപ്പെട്ട വികസന കാര്യങ്ങളിൽ മന്ത്രി തലത്തിൽ എന്തെങ്കിലും ചർച്ചകൾ നടന്നിരുന്നോ; എങ്കിൽ ആ ചർച്ചകളുടെ തീരുമാനങ്ങൾ ലഭ്യമാക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഫാമുമായി ബന്ധപ്പെട്ട വികസന കാര്യങ്ങളിൽ മന്ത്രിതലത്തിൽ ചർച്ചകൾ നടന്നിരുന്നു. 27.07.2020 ന് നടന്ന ചർച്ചയിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>"a. 10/08/2020 മുതൽ ഫാമിലെ കാഷ്വൽ തൊഴിലാളികൾക്ക് ജോലി നൽകിയിരിക്കണം.<br><br>b. നിലവിൽ ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ സേവനം അനുഷ്ഠിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. സായിറാം ഹരിദാസനെ കൂത്താളി ഫാമിന്റെ സൂപ്രണ്ടായി നിയമിക്കുന്നതിന് തീരുമാനിച്ചു.<br><br>c. കൂത്താളി ഫാമിൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്ന് ആക്ഷേപം ഉയർന്നിരിക്കുന്ന ക്ലർക്കിനെ അവിടെ നിന്ന് മാറ്റുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതാണ്.<br><br>d. സംസ്ഥാനത്തെ സർക്കാർ ഫാമുകളിലെ എല്ലാ തൊഴിലാളികൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതാണെന്ന് കൃഷി മന്ത്രി അറിയിച്ചു.<br><br>e. സുഭിക്ഷ കേരള പദ്ധതിയുടെ കീഴിൽ ബ്ലോക്കുതല പരിശീലനം ഉൾപ്പെടെ കൃഷി വകുപ്പിന്റെ പരിശീലനങ്ങൾ നടത്തുന്നതിന് ഈ പരിശീലന കേന്ദ്രം ഉപയോഗിക്കുന്നതിന് കൃഷി മന്ത്രി നിർദ്ദേശിച്ചു." |
| (സി) | പ്രസ്തുത ചർച്ചയുടെ ഭാഗമായ എന്തെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | ചർച്ചയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ കൂത്താളി ഫാമിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. 27.07.2020ൽ നടത്തിയ മന്ത്രിതല യോഗ തീരുമാന പ്രകാരം 2020 ഓഗസ്റ്റ് മാസം മുതൽ കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ നൽകി വരുന്നു.<br>2. ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സായിറാം ഹരിദാസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ)നെ ഫാം സൂപ്രണ്ടായി നിയമിച്ചു. |

| | | | |
|---|---|---|---|
| | | | 3. കുറ്റാരോപിതനായിരുന്ന ക്ലർക്കിന് സ്ഥലം മാറ്റം നൽകി.<br><br>4. ഫാമിലെ സ്ഥിരം തൊഴിലാളികൾക്ക് നിലവിലെ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ ഉത്തരവ് ലഭിച്ചു.<br><br>5. കൂത്താളി ഫാമിലെ ട്രെയിനിംഗ് സെന്ററിൽ നിലവിൽ കേരള സ്റ്റേറ്റ് അഗ്രോ മെക്കനൈസേഷൻ മിഷന്റെ കീഴിൽ കർമ്മസേന ടെക്നീഷ്യൻമാർക്കും അഗ്രോ സർവ്വീസ് സെന്റർ സേവന ദാതാക്കൾക്കും പരിശീലനം നൽകി വരുന്നു. |
| (ഡി) | കൂത്താളി കൃഷിഫാമിന്റെ സമഗ്ര വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | കൂത്താളി ഫാമിന്റെ സമഗ്ര വികസനത്തിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.<br><br>1. ആർ.ഐ.ഡി.എഫ് പദ്ധതി പ്രകാരം അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായാൽ നിലവിലുള്ള ഡയറി യൂണിറ്റിനോടൊപ്പം ആട് വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവ ഉൾപ്പെടുത്തി സമ്മിശ്ര കൃഷി വിപുലീകരിച്ച് ഫാമിന്റെ വരുമാനം വർദ്ധിപ്പിക്കും.<br><br>2. ഫാമിൽ പാഴായിപ്പോകുന്ന ചക്ക ഉൾപ്പെടെയുള്ള ഫലവർഗ്ഗങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കി മാറ്റും.<br><br>3. തരിശ് ഭൂമിയിൽ വാഴ, ചേന , മഞ്ഞൾ എന്നീ കൃഷികൾ ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. കശുമാവ്, കൊക്കോ, ഔഷധസസ്യ കൃഷികൾ കൂടി ഉൾപ്പെടുത്തി തരിശുഭൂമി പൂർണമായും ഉപയോഗപ്പെടുത്തുന്നു.<br><br>4. കൂത്താളി ഫാമിനെ കാർബൺ ന്യൂട്രൽ ഫാം ആക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി CWRDMന്റെ നേതൃത്വത്തിൽ പ്രവർത്തനം പുരോഗമിക്കുന്നു.<br><br>5. ഫാമിന്റെ കൈവശമുള്ള ഭൂമിയിൽ 10% എങ്കിലും പൂർണ്ണമായും ജൈവ കൃഷിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.<br><br>6. ഫാം ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ